പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7144

11.07.2014 ൽ
മറുപടി നൽകേണ്ടിയിരുന്നത്

# മൂക്കന്നിമലയിലെ പട്ടയഭൂമിയിലെ വിവിധ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീമതി.ജമീലാ പ്രകാശം :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂക്കന്നിമലയിൽ റബ്ബർ കൃഷിക്കായി സർക്കാർ അനുവദിച്ച പട്ടയ ഭൂമി പട്ടയത്തിലെ നിബന്ധനകൾ ലംഘിച്ചതിനാൽ തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) | റബ്ബർ പ്ലാന്റേഷന് പതിച്ചു നൽകിയ ഭൂമിയിൽ പാറഖനനം നടത്തിയവരുടെ ഭൂമി ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കണമെന്ന് ബന്ധപ്പെട്ട തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ ഇതിനകം എത്ര സെന്റ് വസ്തു ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | ഇതിനകം ഈയിനത്തിൽ ഭൂമി ഒന്നും ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. |
| (സി) | ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തന്ത്രപ്രധാനമായ സ്ഥാനവും സതേൺ എയർ കമാന്റിന്റെ റഡാർ സ്റ്റേഷനും സ്ഥിതി ചെയ്യുന്ന മൂക്കന്നിമലയിലെ പ്രസ്തുത പ്രദേശം സംരക്ഷിക്കണമെന്ന് ആഭ്യന്തര വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (സി) | എയർഫോഴ്സ് വിംഗ് കമാന്ററുടെ 18.02.12 ലെ 257/SU/S-250/P1 നമ്പർ കത്ത് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതാണ്. |
| (ഡി) | എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ; | (ഡി) | ടി കത്തിന്റെ അടിസ്ഥാനത്തിൽ മൂക്കന്നിമല എയർഫോഴ്സ് സ്റ്റേഷന്റെ പരിധിയിൽ നിന്നും 100 മീറ്റർ ചുറ്റളവിൽ ഖനനാനുബന്ധ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഇ) | രാജ്യത്തിന്റെ സുരക്ഷയ്ക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും വെല്ലുവിളിയായേക്കാവുന്ന മൂക്കന്നിമലയിലെ പാറഖനനത്തിന് നൽകിയിട്ടുള്ള ലൈസൻസുകൾ റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ഇ) | നിയമാനുസൃതമായും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും അല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്ക് ലൈസൻസ് നൽകേണ്ടതില്ല എന്ന് ജിയോളജി വകുപ്പിനും അനധികൃത ഖനനം ഉണ്ടെങ്കിൽ ആയത് തടയുന്നതിന് പോലീസിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | മൂക്കന്നിമലയിൽ അനധികൃതമായി നടത്തുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടും ടി ക്വാറികൾ നിർബാധം പ്രവർത്തിക്കുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ നിർത്തിവയ്ക്കുന്നതിന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. |
| (ജി) | എങ്കിൽ ടി ക്വാറികളുടെ പ്രവർത്തനം നിർത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ജി) | ഇത്തരം കേസുകൾ ഉണ്ടായാൽ നടപടി സ്വീകരിക്കണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ